# വിശ്വാസിയും പരീക്ഷകളും

**1 പത്രോസ് 4:12**

**"പ്രിയമുള്ളവരെ നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവെച്ചു അതിശയിച്ചു പോകരുത്"**

ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുകാരാകാൻ വേണ്ടി നമ്മെ ക്ഷണിക്കുകയും അതിലൂടെ ഒരു വിശ്വാസിക്കു ലഭിക്കുന്ന പ്രതിഫലങ്ങളെയും കുറിച്ച് നമുക്ക് വ്യക്തമാക്കിത്തരുന്ന ഒരു അദ്ധ്യായമാണ് പത്രോസ് എഴുതിയ ഒന്നാം ലേഖനത്തിന്റെ അദ്ധ്യായം 4. ഓരോ വ്യക്തിയുടെ ജീവിതത്തിലും കാലാകാലങ്ങളിൽ പലവിധമായ ശോധനയിലൂടെ കടന്നുപോകേണ്ടതായി വരാറുണ്ട്. എന്നാൽ ഇത് നമ്മുടെ വിശ്വാസത്തിന്റെ ഉറപ്പിനായുള്ള പരിശോധനകൾ ആണെന്നാണ് ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. അപ്പോൾ എത്ര ഭയപ്പെടുത്തുന്ന സാഹചര്യങ്ങളായാലും അതിന്റെ മദ്ധ്യത്തിൽ ദൈവത്തിൽ ആശ്രയിച്ച് തളരാതെ പ്രത്യാശയോടെ നാം മുന്നോട്ടു പോകേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. സകലത്തിന്റെയും നിയന്ത്രിതാവും പരിപാലകനും നമ്മുടെ പിതാവായ ദൈവം തന്നെയാണ്. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. അതുകൊണ്ട് നാം വായിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും ചെയ്തതായ ദൈവവചനങ്ങൾ നമ്മെ പ്രതിസന്ധിഘട്ടങ്ങളിൽ ധൈര്യത്തോടെ മുന്നോട്ടു നയിക്കാൻ ഇടയാകണം.

നാം കടന്നു പോകുന്ന കഷ്ടതകളുടെ അനുഭവങ്ങൾ നമ്മുടെ തന്നെ വിശുദ്ധീകരണത്തിനും ആത്മരക്ഷക്കും ഉതകുന്നതാകണം. അതിലൂടെ അത് മറ്റുള്ളവരുടെ രക്ഷക്കും കാരണമാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതു കൊണ്ട് ഭയപ്പെടുകയല്ല സ്വയം ശോധന ചെയ്യുകയാണ് നാം ചെയ്യേണ്ടത്. പശ്ചാതാപത്തോടെ ദൈവസന്നിധിയിൽ നമ്മുടെ സകലപാപവും ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കാം. അപ്പോൾ സ്നേഹവാനായ പിതാവ് നമ്മോടും ക്ഷമിക്കും. പത്തു നീതിമാന്മാരെങ്കിലും ഉണ്ടെങ്കിൽ സോദോമിനെയും ഗോമോറയെയും നശിപ്പിക്കയില്ല എന്ന് അബ്രഹാമിനോട് അരുളിച്ചെയ്തവനായ ദൈവം തന്റെ മക്കൾ മടങ്ങി വരാൻ സ്നേഹത്തോടെ കാത്തിരിക്കുന്ന നല്ല പിതാവാണ്. 'നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.'

പ്രിയ ദൈവപൈതലെ, ഒരാത്മാവ് പോലും നരകയാതന അനുഭവിക്കാൻ വിട്ടുകൊടുക്കാൻ ആഗ്രഹിക്കാത്ത കാരുണ്യവാനായ ദൈവത്തിൽ പൂർണ്ണമായും വിശ്വാസം അർപ്പിച്ചു കൊണ്ട് വിശ്വാസത്തോടും പ്രാർത്ഥനയോടും പ്രത്യാശയോടും കൂടെ, പ്രതിസന്ധികളെ

ദൈവത്തോട് പറ്റിച്ചേർന്നു നിന്നു കൊണ്ട് അതിജീവിക്കാം. അതിനായി പരിശുദ്ധാത്മ സഹായം യാചിക്കാം.

പരാമർശം:

1 പത്രോസ് 5:10

എന്നാൽ അൽപകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവംതന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ച് ശക്തീകരിക്കും.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 079